പദ്ധതി തയ്യാറാക്കുക, വനസംരക്ഷണ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുക, ചുരുങ്ങിയ തോതിൽ വനശാസ്ത്രഗവേഷണങ്ങൾ നടത്തുക എന്നീ ചുമതലകൾ വഹിക്കുന്നു. വന്യജീവി വിഭാഗത്തിന് കേരളത്തിലെ വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, ദേശീയ പാർക്കുകൾ എന്നിവയുടെ ചുമതലയാണ്. അവയുടെ സംരക്ഷണം, പരിപാലനം, വികസനം എന്നീ ജോലികളാണ് ഈ വിഭാഗത്തിൽ നിക്ഷിപ്തമായിട്ടുള്ളത്.

(ബി) ഗവൺമെൻറ് അംഗീകൃത നയമനുസരിച്ച് മോശമായ കാടുകളിൽ വനവൽക്കരണം നടത്തുന്നത് ഗവൺമെൻറ് അംഗീകരിച്ച പദ്ധതികളുടെ ഭാഗമായാണ്.

(സി) സാമൂഹ്യവനവൽക്കരണ പദ്ധതിക്കായി ഇതുവരെ ആകെ 2388.502 ലക്ഷം രൂപാ ചെലവായിട്ടുണ്ട്. മറ്റു ഇനങ്ങളിൽ ചെലവായ തുകകളുടെ വിവരം ശേഖരിച്ചുവരുന്നു.

പത്തനംതിട്ട ജില്ലയിലെ സാമൂഹ്യ വനവൽക്കരണ പരിപാടി

1274 [2298] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ സാമൂഹ്യ വനവൽക്കരണ പരിപാടിക്കായി വക കൊള്ളിച്ചിട്ടുള്ള തുക എത്ര;

(ബി) പത്തനംതിട്ട ജില്ലയിൽ എത്ര വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കാനാണ് പ്ലാൻ ചെയ്തിട്ടുള്ളത്;

(സി) മൊത്തം എത്ര ഹെക്ടർ സ്ഥലത്താണ് വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്നത്;

(ഡി) വനത്തിനുള്ളിൽ വൃക്ഷത്തൈകൾ വയ്ക്കുന്നത് സാമൂഹ്യവനവൽക്കരണ പരിപാടിയുടെ ഭാഗമാണോ;

(ഇ) സാമൂഹ്യ വനവൽക്കരണ പരിപാടി വനത്തിനുള്ളിൽ നടത്താൻ പാടില്ലെന്ന് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഈ വർഷം 88.54 ലക്ഷം രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) 83 ലക്ഷത്തോളം തൈകൾ വയ്ക്കുവാനുദ്ദേശിക്കുന്നു. ഇതിൽ 70 ലക്ഷം തൈകൾ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുവാനും 13 ലക്ഷം തൈകൾ ഗവൺമെൻറ് ഭൂമിയിൽ വയ്ക്കുവാനുമാണ് പരിപാടി.

(സി) ഈ വർഷം മൊത്തം 297.4 ഹെക്ടർ ഗവൺമെൻറ് ഭൂമിയിലാണ് വൃക്ഷത്തൈകൾ വയ്ക്കുവാനുദ്ദേശിക്കുന്നത്.

(ഡി) ക്ഷയിച്ച കാടിനുള്ളിൽ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നത് സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമാണ്.

(ഇ) ഇല്ല.

അട്ടപ്പാടിയിലെ മൂച്ചിക്കുണ്ടിലും ഞൊമ്മ്യാംപടിയിലും മരം വച്ചു പിടിപ്പിക്കാൻ നടപടി

1275 [2299] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly